ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്
രണ്ടാം നില, വേണുഗോപാൽ ആർക്കേഡ്, പുളിഞ്ചോട് ജങ്ഷൻ,
ആലുവ, കൊച്ചി-683 101.

# ഇൻഡിപ്പെൻഡന്റ് ഓഡിറ്റേഴ്സ് റിപ്പോർട്ട്

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം ഓഹരിയുടമകൾക്ക്,**

**സാമ്പത്തിക പത്രികകളെക്കുറിച്ചുള്ള റിപ്പോർട്ട്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം എന്ന കമ്പനിയുടെ ഇതോടൊപ്പം വച്ചിട്ടുള്ള സാമ്പത്തിക പത്രികകൾ, 31.03.2015 ലെ ബാലൻസ് ഷീറ്റ്, അന്നേ ദിവസം അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ വരവ്ചെലവ് കണക്കുകൾ, കാഷ്ഫ്ളോ സ്റ്റേറ്റ്മെന്റ്, കണക്കുകളെ സംബന്ധിച്ച പ്രസക്ത നയങ്ങളും കുറിപ്പുകളും വിശദീകരണങ്ങളും, എന്നിവ ഞങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്.

**സാമ്പത്തിക പത്രികകളിൻമേലുള്ള മാനേജ്മെന്റിന്റെ ഉത്തരവാദിത്വം**

ഈ സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി നിയമം 2013 വകുപ്പ് 134, ഉപവകുപ്പ്(5)ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ കമ്പനിയുടെ ഭരണസമിതിയുടെ ഉത്തരവാദിത്വത്തിൽപ്പെട്ടവയാണ്. അവ കമ്പനി നിയമത്തിലെ വകുപ്പ് 133ലും അതോടൊപ്പം കമ്പനീസ് (അക്കൗണ്ട്സ്) റൂൾസ് 2014 ലും പ്രതിപാദിച്ചിട്ടുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങളും, ഇൻഡ്യയിൽ പൊതുവിൽ സ്വീകാര്യമായിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും പ്രകാരം കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെയും സാമ്പത്തിക പ്രകടനത്തേയും കാഷ്ഫ്ളോയേയും സംബന്ധിച്ച് സത്യസന്ധമായ വിവരങ്ങൾ നൽകുന്നുണ്ട്. കമ്പനിയുടെ ആസ്തികൾ സംരക്ഷിക്കുന്നതിനും കൃത്രിമങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടി കമ്പനി നിയമത്തിലെ വകുപ്പുകൾ പ്രകാരം റെക്കോർഡുകൾ ഉണ്ടാക്കുന്നതും, അനുയോജ്യമായ അക്കൗണ്ടിങ് നയങ്ങൾ തെരഞ്ഞെടുക്കുന്നതും, യോജിച്ച തീരുമാനങ്ങളും അനുമാനങ്ങളും സ്വീകരിക്കുന്നതും സാമ്പത്തിക പത്രികകൾ സാരമായ അപാകതകൾ ഇല്ലാത്തതതാണെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതും ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു.

**ഓഡിറ്ററുടെ ഉത്തരവാദിത്വം**

ഈ സാമ്പത്തിക പത്രികകളിൻമേൽ ഞങ്ങളുടെ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം പ്രസ്താവിക്കുക എന്നതാണ് ഞങ്ങളുടെ ഉത്തരവാദിത്വം.

കമ്പനി നിയമത്തിലെ വകുപ്പുകളും അക്കൗണ്ടിങ് & ഓഡിറ്റിങ് മാനദണ്ഢങ്ങളും കമ്പനി നിയമത്തിലെ വകുപ്പുകളും ചട്ടങ്ങളും പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടുന്ന കാര്യങ്ങളും ഞങ്ങൾ പരിഗണിച്ചിട്ടുണ്ട്.

കമ്പനി നിയമത്തിലെ വകുപ്പ് 143, ഉപവകുപ്പ്(10)ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഢങ്ങൾക്ക് അനുസൃതമായാണ് ഞങ്ങൾ ഓഡിറ്റ് നിർവ്വഹിച്ചിട്ടുള്ളത്. സാമ്പത്തിക പത്രികകൾ സാരമായ അപാകതകൾ ഇല്ലാത്തതാണെന്ന് ന്യായമായി ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്ന് ഈ മാനദണ്ഡങ്ങൾ അനുശാസിക്കുന്നു.

സാമ്പത്തിക പത്രികകളിലെ തുകകളെയും വെളിപ്പെടുത്തലുകളെയും പിന്താങ്ങുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. ബോധപൂർവ്വമോ അല്ലാതെയോ ഉള്ള അപാകതകളുടെ പരിണിതഫലം വിശകലനം ചെയ്ത് വിലയിരുത്തുന്നതിനെ ആശ്രയിച്ചാണ് ഓഡിറ്റ് പ്രോസീഡിയേഴ്സ് തീരുമാനിക്കപ്പെടുന്നത്. അങ്ങനെ വിലയിരുത്തുന്നതിനും സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിനും

സാഹചര്യങ്ങൾക്ക് യോജിച്ച രീതിയിൽ കമ്പനി സ്വീകരിച്ചിട്ടുള്ള ഇന്റേണൽ കൺട്രോൾ സംവിധാനങ്ങളും പരിഗണിക്കുന്നു. സാമ്പത്തിക പത്രികകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതിനോടൊപ്പം ഭരണസമിതി ഉപയോഗിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും, അനുഷ്ഠിച്ചിട്ടുള്ള പ്രധാനമായ വിലമതിപ്പുകളും പരിശോധിക്കുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.

ഞങ്ങളുടെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം ലഭിക്കുന്നതിന് ആവശ്യമായതും ഉതകുന്നതുമായ തെളിവുകൾ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**അഭിപ്രായങ്ങളുടെ അടിസ്ഥാനം**

സർക്കാർ ഉത്തരവ് G.O.(MS)No.137/12/AD dated 02.06.12 പ്രകാരം നടുക്കര അഗ്രോ പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിന്റെ ഫാക്ടറി / ആസ്തികൾ ഏറ്റെടുത്ത നടപടിയെ നടുക്കര അഗ്രോ പ്രോസ്സസിംഗ് കമ്പനി ലിമിറ്റഡിന്റെ ഓഹരിയുടമകൾ ഹൈക്കോടതിയിൽ ചലഞ്ച് ചെയ്തിട്ടുള്ളതാണ്. ഇതിൽ കമ്പനി ഡിഫൻഡന്റ് ആണ്. ഇതിൻമേലുള്ള തീരുമാനത്തിന്റെ പരിണിതഫലം എന്താണെന്ന് ഇപ്പോൾ കണക്കാക്കാനാവില്ല.

G.O.(MS)No.263/13/AD dated 31.08.13 & G.O.(RT)No.660/2013/AD dated 26.03.13 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നടുക്കര അഗ്രോ പ്രോസ്സസിംഗ് ഫാക്ടറി (NAPF) യൂണിറ്റിന്റെ എല്ലാ ആസ്തികളും ബാധ്യത കളും വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിന് (VAFPC Ltd.), കൗൺസിലും വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡും തമ്മിലുള്ള 31.01.2015 ലെ കരാർ പ്രകാരം, കൈമാറിക്കഴി ഞ്ഞിരിക്കുന്നു. അതുകൊണ്ട് നടപ്പു വർഷത്തെ സാമ്പത്തിക പത്രികകളിൽ ഇവയൊന്നും ഉൾപ്പെട്ടിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള നടപടികൾ കമ്പനി നിയമത്തിലെ വകുപ്പുകളുടെ അടിസ്ഥാനത്തിലുള്ളതല്ല.

ഓണം–റംസാൻ 2013 ലേയും ഓണം 2014 ലെയും വില നിയന്ത്രിത വിപണികൾ നടത്തിയ ഇനത്തിൽ യഥാക്രമം 5,96,25,483/– രൂപയും 97,15,462/– രൂപയും, സർക്കാർ ഗ്രാന്റിനേക്കാൾ അധികമായി ചെലവഴിച്ചത്, കേരളസർക്കാ രിൽ നിന്നും ലഭിക്കുവാനുള്ള തുകയായാണ് കാണിച്ചിരിക്കുന്നത്. ഈ തുക, വിനിയോഗിക്കുവാനുള്ള മറ്റ് ഗ്രാന്റ് തുകകളിൽ നിന്നും കുറച്ചിരിക്കുകയാണ് (കുറിപ്പ് 1). ഈ തുകകൾ ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് നല്കിയിട്ടുണ്ടെങ്കിലും ഇത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും ഉണ്ടായതായി കാണുന്നില്ല. ഈ തുകകൾ 2013–14, 2014–15 എന്നീ വർഷങ്ങളിലേതാണ്. ഈ സാഹചര്യത്തിൽ, പ്രസ്തുത തുകകൾ ലഭിക്കുന്ന കാര്യത്തിൽ ഉറപ്പൊന്നുമില്ല. അതുകൊണ്ട് ഹ്രസ്വകാല ആസ്തികൾ 6,93,40,945/– രൂപ കൂടുതലായും (കുറിപ്പ് 1) ഈ വർഷത്തെ വരവിനേക്കാൾ അധികമായ ചെലവ് 97,15,462/– രൂപ കുറവായും റീട്ടെ യിൻഡ് ഏണിങ്സ് (കുറിപ്പ് 5) 5,96,25,483/– രൂപ കൂടുതലായും കാണിക്കപ്പെട്ടിരിക്കുന്നു.

കസ്റ്റംസ് അപ്പലേറ്റ് അതോറിറ്റീസ് മുൻപാകെ ഫയൽ ചെയ്തിരിക്കുന്നതും ഇനിയും തീരുമാനമാകത്തതുമായ കസ്റ്റംസ് ഡ്യൂട്ടി റീഫണ്ട് ക്ലെയിംസ് 4,70,68,564/– രൂപയ്ക്ക് വകയിരുത്തലുകളൊന്നും ക്യാപിറ്റൽ റിസർവിലോ (കുറിപ്പ് 4) മറ്റ് ദീർഘകാല ആസ്തികളിലോ (കുറിപ്പ് 12) നടത്തിയിട്ടില്ല.

നടപ്പുവർഷം ഗ്രൂപ്പ് ഗ്രാറ്റുവിറ്റി ബാധ്യതയ്ക്കുള്ള 73,39,897/– രൂപയും ലീവ് എൻക്യാഷ്മെന്റ് ബാധ്യതയ്ക്കുള്ള 90,59,104/– രൂപയും LIC യുടെ ഇതിനായുള്ള സ്കീമുകളിലേക്ക് അടച്ചിട്ടുണ്ട് (കുറിപ്പ് 23 കാണുക). എങ്കിലും ഇത് ഒരു ആക്ചറി സാക്ഷ്യപ്പെടുത്താത്തതാണ്. ഇത് ICAI യുടെ AS–15 കമ്പനീസ് (അക്കൗണ്ട്സ്) റൂൾസ് എന്നിവ, പ്രകാരമായിട്ടില്ല. ആയതിനാൽ സാമ്പത്തിക പത്രികകളിൻ മേൽ അതിന്റെ ഇംപാക്റ്റ് തിട്ടപ്പെടുത്തു വാൻ കഴിയില്ല.

നടപ്പുവർഷം ഡിപ്രീസിയേഷൻ കണക്കാക്കുന്ന രീതി റിട്ടൺ ഡൗൺ വാല്യു മെത്തേഡിൽ (WDV) നിന്നും സ്ട്രെയ്റ്റ് ലൈൻ മെതേഡിലേയ്ക്ക് (SLM)കൗൺസിൽ മാറ്റിയിട്ടുണ്ട്. ICAI യുടെ AS-6 , കമ്പനീസ് (അക്കൗണ്ട്സ്) റൂൾസ് 2014 എന്നിവ പ്രകാരം ഡിപ്രീസിയേഷൻ മെതേഡിലുണ്ടായ മാറ്റം വഴി മുൻ കാലങ്ങ ളിലെ ഡിപ്രീസിയേഷനിൽ വന്ന വ്യതിയാനം, ഡിപ്രീസിയേഷൻ മെതേഡിൽ മാറ്റം കൊണ്ടുവന്ന വർഷംതന്നെ വരവ് ചെലവ് കണക്കുകളിൽ ചാർജ്ജ് ചെയ്യേണ്ടതാണ്. എയ്ഡഡ് പദ്ധതികളിൽ വാങ്ങിയ ആസ്തികളുടെ കാര്യത്തിൽ, തതുല്യമായ ക്രെഡിറ്റ് വരവ് ചെലവ് കണക്കുകളിലേയ്ക്ക് അൺ- അമോർട്ടൈസ്ഡ് ഗ്രാന്റിൽ

നിന്നും കൊണ്ടുവരേണ്ടതാണ്. ഡിപ്രീസിയേഷൻ മെതേഡിലുണ്ടായ മാറ്റം മൂലം മുൻ കാലങ്ങളിലെ ഡിപ്രിസിയേഷനിൽ വന്ന വ്യതിയാനം 3,12,02,729/- രൂപ വരവ് ചെലവ് കണക്കുകളിൽ ചാർജ്ജ് ചെയ്യുന്നതിന് പകരം അൺ-അമോർട്ടൈസ്ഡ് ഗ്രാന്റിൽ നേരിട്ട് ചാർജ്ജ് ചെയ്തിരിക്കുന്നത് അക്കൗണ്ടിങ് മാനദണ്ഡം-6 പ്രകാരമല്ല. എങ്കിലും ഇത് കമ്പനിയുടെ നടപ്പു വർഷത്തെ മിച്ചത്തിലോ/കമ്മിയിലോ പ്രതിഫലനമൊന്നും ഉണ്ടാക്കുന്നില്ല.

31.03.2015ൽ 5,84,69,492/- രൂപ മൂല്യമുള്ള സ്ഥലങ്ങളിൽ ചില സ്ഥലങ്ങളുടെ പോക്കുവരവ് (മ്യൂട്ടേഷൻ) നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

ICAI യുടെ AS-20 , കമ്പനീസ് (അക്കൗണ്ട്സ്) റൂൾസ് 2014 എന്നിവ പ്രകാരമുള്ള 'ഏണിംങ്സ് പെർ ഷെയർ' വെളിപ്പെടുത്തലുകൾ കമ്പനി നടത്തിയിട്ടില്ല.

**അഭിപ്രായ രൂപീകരണം സാധ്യമാകാത്തവ**

അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ളവ (കടക്കാർ) (കുറിപ്പ് 13), ഹ്രസ്വകാല വായ്പകൾ & അഡ്വാൻസുകൾ (കുറിപ്പ് 15) മറ്റ് തന്നാണ്ട് ആസ്തികൾ (കുറിപ്പ് 16) എന്നിവ അതാത് വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും സ്ഥിരീകരണവിധേയമാക്കേണ്ടതുണ്ട്. ഓരോ ഗ്രാന്റിനും മാത്രമായി പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ എന്ന രീതിയിൽ അല്ലാത്തതിനാൽ ബാങ്ക് ബാലൻസിൽ പദ്ധതി ഫണ്ടുകളുടെ (കുറിപ്പ് 1) വേർതിരിച്ചുള്ള പരിശോധന സാധ്യമായിട്ടില്ല.

**അഭിപ്രായം**

ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളും വിശദീകരണങ്ങളും പ്രകാരം, മേൽ പറഞ്ഞ കണക്കുകൾ മുൻ ഖണ്ഡികകളിൽ പറയുന്നതിന് വിധേയമായി കമ്പനിനിയമത്തിൽ അനുശാസിക്കുന്നതും ഇന്ത്യയിൽ പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസരിച്ചും സത്യസന്ധവും നീതിയുക്തവുമായ വീക്ഷണം; 2015 മാർച്ച് 31 ലെ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും, അന്നേ ദിവസം അവസാനിച്ച സാമ്പത്തിക വർഷത്തിലെ കമ്പനിയുടെ കാഷ്ഫ്ളോ, കമ്മി എന്നിവയും വെളിപ്പെടുത്തുന്നുണ്ട്.

**പ്രധാനപ്പെട്ട വസ്തുകകൾ**

നാഷണൽ ഇൻഷൂറൻസ് കമ്പനിയിൽ നിന്നും ലഭിക്കാനുള്ളതായ കോർപ്പറേറ്റ് ഇൻഷൂറൻസ് ഏജൻസി കമ്മീഷൻ 57,41,053/- രൂപയിൽ പ്രൊവിഷൻ ആയി 21,91,340/- രൂപ വകയിരുത്തിയിട്ടുണ്ട് (കുറിപ്പ് 14 (c) ശ്രദ്ധിക്കുക) ഇൻഷൂറൻസ് റെഗുലേറ്ററി ഡെവലപ്പ്മെന്റ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇനിയും പൂർത്തിയാകുവാനുള്ളതിനാൽ പ്രസ്തുത തുക ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല.

**മറ്റ് നിയമങ്ങളും ചട്ടങ്ങളും ആയി ബന്ധപ്പെട്ട പ്രസ്താവന**

കമ്പനീസ് (ഓഡിറ്റേഴ്സ് റിപ്പോർട്ട് ) ഓർഡർ 2015 ലെ വകുപ്പ് 143 ഉപവകുപ്പ് 11 ക്ലോസ്സ് 2 (iv) ലെ നിബന്ധനകളിൽ നിന്ന് കൗൺസിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ഓർഡറിന്റെ പാരഗ്രാഫ് 3 ലും 4 ലും പറയപ്പെട്ടിരിക്കുന്നവ കൗൺസിലിന് ബാധകമല്ല.

കമ്പനി നിയമത്തിലെ 143(3) വകുപ്പ് പ്രകാരം ഞങ്ങൾ ഇങ്ങനെ പ്രസ്താവിക്കുന്നു.

a) ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ഓഡിറ്റ് ചെയ്യുന്നതിനാവശ്യമായി തോന്നിയ എല്ലാ വിവരങ്ങളും വിശദീകരണങ്ങളും അന്വേഷിക്കുകയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.

b) ഞങ്ങളുടെ അഭിപ്രായത്തിൽ നിയമാനുസരണം ആവശ്യമായ കണക്കുകൾ കമ്പനി സൂക്ഷിച്ചിട്ടുണ്ട് എന്ന് ഞങ്ങളുടെ പരിശോധനയിൽ വെളിവായിട്ടുണ്ട്

c) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ബാലൻസ് ഷീറ്റ്, വരവ് ചെലവ് കണക്കുകൾ, ക്യാഷ്ഫ്ളോ സ്റ്റേറ്റ്മെന്റ് എന്നിവ കമ്പനിയുടെ കണക്കുകളുമായി യോജിച്ചു പോകുന്നുണ്ട്.

d) മേൽപ്പറഞ്ഞ "അഭിപ്രായങ്ങളുടെ അടിസ്ഥാനം" എന്ന ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ള വസ്തുതകളിൽ ഒഴികെ, ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള സാമ്പത്തിക പത്രികകൾ കമ്പനി നിയമം വകുപ്പ് 133ൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ, കമ്പനീസ് (അക്കൗണ്ട്സ്) റൂൾസിലെ റൂൾ 7 എന്നിവ പാലിക്കുന്നുണ്ട്

e) ഞങ്ങളുടെ അഭിപ്രായത്തിൽ, മേൽപ്പറഞ്ഞ "അഭിപ്രായങ്ങളുടെ അടിസ്ഥാനം" എന്ന ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ള വസ്തുതകൾ കമ്പനിയുടെപ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നവയല്ല.

f) കമ്പനിയുടെ ഡയറക്ടർമാർ എഴുതി സാക്ഷ്യപ്പെടുത്തി ഭരണസമിതി പരിഗണിച്ച് രേഖപ്പെടുത്തിയ പ്രകാരം 31.03.2015 തീയതിക്ക് ഡയറക്ടർമാർ ആരും തന്നെ, കമ്പനി നിയമം വകുപ്പ് 164 ഉപവകുപ്പ് 2 പ്രകാരം ഡയറക്ടർമാർ ആയിരിക്കുവാൻ അയോഗ്യരല്ല

g) കമ്പനിയുടെ കണക്കുകൾ സൂക്ഷിക്കുന്ന കാര്യത്തിലും മറ്റു വസ്തുതകളിലുമുള്ള ഞങ്ങളുടെ അഭിപ്രായം, മേൽപ്പറഞ്ഞ 'അഭിപ്രായങ്ങളുടെ അടിസ്ഥാനം' എന്ന ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ളവയാണ്.

h) കമ്പനീസ് (ഓഡിറ്റ് & ഓഡിറ്റേഴ്സ്) റൂൾസ് 2014, റൂൾ 11 അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതായ കാര്യങ്ങൾ, ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളും വിശദീകരണങ്ങളും പ്രകാരം:

i) തീർപ്പാക്കുവാനുള്ള വ്യവഹാരങ്ങൾ സാമ്പത്തിക പത്രികകളിൽ ഉണ്ടാക്കിയേക്കാവുന്ന പരിണിതഫലങ്ങൾ കമ്പനി സാമ്പത്തിക പത്രികകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്.– കുറിപ്പ് 26 (b)കാണുക

ii) കാര്യമായ നഷ്ടങ്ങൾ വരുത്തുമെന്ന് തോന്നുന്ന ഡെറിവേറ്റീവ് കോൺട്രാക്ട്സ് ഉൾപ്പെടെയുള്ള ദീർഘകാല കരാറുകളിലൊന്നും കമ്പനി ഏർപ്പെട്ടിട്ടില്ല.

iii) ഇൻവെസ്റ്റർ എഡ്യൂക്കേഷൻ & പ്രൊട്ടക്ഷൻ ഫണ്ടിലേയ്ക്ക് മാറ്റേണ്ടതായ തുകകൾ ഒന്നും കമ്പനിയ്ക്ക് ഇല്ല.

ജി. വേണുഗോപാൽ കമ്മത്ത് &കമ്പനി
ചാർട്ടേർഡ് അക്കൗണ്ടന്റ്സിന് വേണ്ടി
രജി. നമ്പർ : 004674s

സ്ഥലം : കൊച്ചി
തീയതി : 03.09.2015

(ഒപ്പ്)
ആർ. രാമചന്ദ്രൻ
പാർട്നർ
മെമ്പർഷിപ്പ് നമ്പർ : 023982

## 31.3.2015 ലെ ബാക്കി പത്രം (ബാലൻസ് ഷീറ്റ്)

| വിശദാംശങ്ങൾ | കുറിപ്പ് | 31.03.2015 | 31.03.2014 |
|---|---|---|---|
| **I മൂലധനം & ബാധ്യതകൾ** | | രൂപ | രൂപ |
| **1.ഓഹരി മൂലധനം** | 3 | 2,056,000 | 2,056,000 |
| **2.കാപ്പിറ്റൽ റിസർവ് & അൺ അമോർട്ടൈസ്ഡ് റിസർവ്സ്** | | | |
| a) കാപ്പിറ്റൽ റിസർവ് | 4 | 262,273,244 | 262,273,244 |
| b) അൺ അമോർട്ടൈസ്ഡ് ഗ്രാന്റ് / റിസർവ് | 4 | 200,857,033 | 159,847,885 |
| **3 നീക്കിയിരിപ്പും മിച്ചവും** | | | |
| a) നീക്കിയിരിപ്പ് | 5 | 63,953,003 | 41,144,885 |
| b) വരവ് ചെലവ് കണക്ക് | 5 | (20,480,095) | 22,808,118 |
| **4 ദീർഘകാല ബാധ്യതകൾ** | | | |
| a) ദീർഘകാല ബാധ്യതകൾ | 6 | 7,528,889 | 7,401,489 |
| b) ദീർഘകാല പ്രൊവിഷൻസ് | 7 | - | 5,190,667 |
| **5 ഹ്രസ്വകാല ബാധ്യതകൾ** | | | |
| a) പദ്ധതി ഗ്രാൻറുകൾ (ബാധ്യത) | 1 | 244,462,491 | 107,128,148 |
| b) അനുബന്ധ പ്രവർത്തനങ്ങൾക്ക് കൊടുക്കാനുള്ള ബാധ്യത | 8 | 1,754,895 | 25,248,937 |
| c) മറ്റ് ഹ്രസ്വകാല ബാധ്യതകൾ | 9 | 15,836,645 | 9,159,370 |
| d) NAPFൻെറ ബാധ്യതകൾ (സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്തത്) | 25 | | 163,597,211 |
| **ആകെ** | | 778,242,105 | 805,855,954 |
| **II ആസ്തികൾ** | | | |
| **1.ദീർഘകാല ആസ്തികൾ** | | | |
| a) സ്ഥിരം ആസ്തികൾ | 24 | 264,179,704 | 221,639,414 |
| b) ദീർഘകാല നിക്ഷേപങ്ങൾ | 10 | 148,000 | 148,000 |
| c) ദീർഘകാല വായ്പകളും അഡ്വാൻസുകളും | 11 | 66,520,649 | 61,041,122 |
| d) മറ്റു ദീർഘകാല ആസ്തികൾ | 12 | 47,068,564 | 47,068,564 |
| **2.ഹ്രസ്വകാല ആസ്തികൾ** | | | |
| a) നീക്കിയിരിപ്പ് ചരക്കുകൾ | 13 | 9,477,919 | 10,215,114 |
| b) അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കാനുള്ളത് | 14 | 44,644,253 | 68,306,858 |
| c) ക്യാഷ് & ബാങ്ക് ബാലൻസ് | 15 | 83,965,648 | 106,831,577 |
| d) ബാങ്ക് അക്കൗണ്ടുകളിലുള്ള പദ്ധതി ഗ്രാൻറ് | 1 | 123,742,338 | 16,622,796 |
| e) പദ്ധതി ഗ്രാൻറുകൾ (ലഭിക്കാനുള്ളത്) | 1 | 72,809,445 | 76,105,922 |
| f) പദ്ധതി നടത്തിപ്പിനുള്ള അഡ്വാൻസുകൾ | 16 | 47,910,708 | 14,399,430 |
| g) ഹ്രസ്വകാല വായ്പകളും അഡ്വാൻസുകളും | 16 | 11,276,789 | 11,021,101 |
| h) മറ്റ് ഹ്രസ്വകാല ആസ്തികൾ | 17 | 6,498,088 | 8,858,845 |
| i) NAPFൻെറ ആസ്തികൾ (സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്തത്) | 25 | | 163,597,211 |
| **ആകെ** | | 778,242,105 | 805,855,954 |

അനുബന്ധമായുള്ള കുറിപ്പുകൾ ഈ സാമ്പത്തിക പത്രികയുടെ ഭാഗമാണ്

ഭരണ സമിതിക്കുവേണ്ടി

ഒപ്പ്
അശോക് കുമാർ തെക്കൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ & ഡയറക്ടർ

ഒപ്പ്
പ്രജിത്ത് കുമാർ എം.എം
ഡയറക്ടർ

സ്ഥലം : കൊച്ചി
തീയതി : 03.09.2015

ഇതിനോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം
ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേഡ് അക്കൗണ്ടൻസ്

ഒപ്പ്
ആർ രാമചന്ദ്രൻ, FCA
പാർട്ട്ണർ (ICAI Memb No. 23982)
Firm No. 004674 S

സ്ഥലം : കൊച്ചി
തീയതി: 03.09.2015

## 31.3.2015 ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ വരവ് - ചെലവ് കണക്ക്

| വിശദാംശങ്ങൾ | കുറിപ്പ് | 2014 – 15 | 2013 – 14 |
|---|---|---|---|
| | | രൂപ | രൂപ |
| **വരുമാനം** | | | |
| എയ്ഡഡ് പദ്ധതികൾക്കുള്ള സർക്കാർ ഗ്രാന്റുകൾ | 1 | 197,272,084 | 335,743,023 |
| സർക്കാർ ഗ്രാന്റുകൾ (നോൺ പ്ലാൻ) | 18 | 2,864,000 | 2,500,000 |
| റിവോൾവിംഗ് ഫണ്ട് ട്രസ്റ്റ് ഗ്രാന്റ് | 19 | 55,000,000 | 55,000,000 |
| വിത്തുൽപാദന വിതരണത്തിന് സർക്കാർ സഹായം | 1 | 27,536,000 | 27,536,000 |
| അനുബന്ധപ്രവർത്തനങ്ങളിൽ നിന്നും വരുമാനങ്ങൾ | 20 | 42,863,308 | 36,533,431 |
| മറ്റു വരുമാനങ്ങൾ | 21 | 10,654,695 | 26,093,148 |
| **ആകെ** | | **336,190,087** | **483,405,602** |
| **ചെലവുകൾ** | | | |
| പദ്ധതി ചെലവുകൾ (എയ്ഡഡ്) | 1 | 197,272,084 | 335,743,023 |
| പദ്ധതി ചെലവുകൾ (അൺ എയ്ഡഡ്) | 22 | 5,953,085 | 5,018,797 |
| മാനവശേഷി ചെലവുകൾ ( പദ്ധതി നടത്തിപ്പിന്) | 23 | 154,186,847 | 119,608,795 |
| **ആകെ** | | **357,412,016** | **460,370,615** |
| **ചെലവ് കഴിച്ചുള്ള മിച്ചം (തേയ്മാന ചെലവുകൾക്ക് മുൻപ്)** | | **(21,221,929)** | **23,034,987** |
| തേയ്മാനകിഴിവ് | 24 | (10,647,992) | (17,560,741) |
| അമോർട്ടൈസേഷൻ | 24 | 11,389,826 | 17,333,872 |
| **ചെലവ് കഴിച്ചുള്ള മിച്ചം** | | **(20,480,095)** | **22,808,118** |

അനുബന്ധമായുള്ള കുറിപ്പുകൾ ഈ സാമ്പത്തിക പത്രികയുടെ ഭാഗമാണ്

ഭരണ സമിതിക്കുവേണ്ടി

ഒപ്പ്
അശോക് കുമാർ തെക്കൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ & ഡയറക്ടർ

ഒപ്പ്
പ്രജിത്ത് കുമാർ എം.എം .
ഡയറക്ടർ

സ്ഥലം : കോച്ചി
തീയതി : 03.09.2015

ഇതിനോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം
ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേഡ് അക്കൗണ്ടൻസ്

ഒപ്പ്
ആർ രാമചന്ദ്രൻ, FCA
പാർട്ണർ (ICAI Memb No. 23982)
Firm No. 004674 S

സ്ഥലം : കൊച്ചി
തീയതി: 03.09.2015